LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഓഫീസുകളിലെ വിജിലൻസ് റെയ്ഡ്

127 [1106] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത ലക്ഷക്കണക്കിന് രൂപ കണ്ടെത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം എക്സൈസ് ഓഫീസുകളിലാണ് റെയ്ഡ് നടന്നത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെയാണ് നടപടി സ്വീകരിച്ചത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ 2003 മാർച്ച് അവസാനം വിജിലൻസ് വിഭാഗം നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത 1,84,150 (ഒരു ലക്ഷത്തി എൺപത്തിനാലായിരത്തി നൂറ്റിഅമ്പത്) രൂപ കണ്ടെത്തിയിട്ടുണ്ട്.

(സി) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസ്, കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം.

(ഡി) നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) 15 (പതിനഞ്ച്) എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു. മൂന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ, മൂന്ന് സർക്കിൾ ഇൻസ്പെക്ടർമാർ, ആറ് പ്രിവന്റീവ് ഓഫീസർമാർ, ഒരു എക്സൈസ് ഗാർഡ്, രണ്ട് ടൈപ്പിസ്റ്റുകൾ എന്നിവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്കുപുറത്ത് ട്രോളിംഗ്

128 [1107] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" എം. എ. ചന്ദ്രശേഖരൻ:
" പി. ടി. തോമസ്:
" വർക്കല കഹാർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരയിൽ നിന്ന് കടലിലേക്ക് എത്ര ദൂരംവരെയാണ് സംസ്ഥാനത്തിന്റെ അധികാര പരിധി എന്ന് അറിയിക്കാമോ;